# Deepika

# 27 August 2018

# Kochi; After Flood, Flood Relief, Onam ,Camp

## പ്രളയം പകർന്ന വിഷമതകൾക്കിടയിലും ക്യാമ്പുകളിൽ ഒരുമയുടെ ഓണാഘോഷം

കൊച്ചി: വിവിധ നിറങ്ങളിലുള്ള ജീരക മിഠായികൾ നിലത്തുവിരിച്ച വെള്ളക്കടലാസിൽ നിന്ന് കുരുന്നുകൾ ആവേശത്തോടെ പെറുക്കിയെടുക്കുമ്പോൾ മാതാപിതാക്കൾ എല്ലാം മറന്ന് അവരെ പ്രോത്സാഹിപ്പിച്ചു. തൽക്കാലത്തേക്കെങ്കിലും അവരുടെ മനസിൽ പ്രളയം നൽകിയ ദുരിതങ്ങളുടെ ഓർമകളില്ലായിരുന്നു. വീട്ടിൽ ഓണം ആഘോഷിക്കാനായില്ലെങ്കിലും ക്യാമ്പുകളിലെ ചെറിയ ആഘോഷങ്ങളിൽ എല്ലാവരും വിഷമങ്ങൾ മറന്ന് പങ്കുചേർന്നപ്പോൾ അത് പുതുപ്രതീക്ഷകളുടെ നിറക്കാഴ്ചകളായി.

ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിലെല്ലാം ഇതായിരുന്നു ദൃശ്യം. പ്രളയം നാശം വിതച്ച കേരളത്തിനും മലയാളികൾക്കും ഇത്തവണ ഒരുമയുടെ ഓണമായിരുന്നു. ഓണം നാടും നഗരവും വിപുലമായി ആഘോഷിച്ചില്ല. പകരം ദുരിതത്തിലായ ലക്ഷക്കണക്കിനു പ്രളയബാധിതർക്കൊപ്പം ആഘോഷങ്ങളില്ലാതെ ഒരുമിച്ചുനിൽക്കുകയായിരുന്നു.

പലരും ആഘോഷങ്ങളൊക്കെ മാറ്റിവച്ചു ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ഓണാശംസകളുമായി രാവിലെ തന്നെയെത്തി. ക്യാമ്പുകളിൽ സന്നദ്ധപ്രവർത്തകരും കോളജ് വിദ്യാർഥികളും ഉൾപ്പെടെയുള്ള വോളണ്ടിയർമാരുടെ നേതൃത്വത്തിൽ പൂക്കളിട്ടു. കൂട്ടത്തിൽ ക്യാമ്പുകളിലെ കുട്ടികളും പൂക്കളമൊരുക്കാൻ അവർക്കൊപ്പംകൂടി. വിവിധ മത്സരങ്ങൾ നടത്തി. ചെറുതായെങ്കിലും ഉച്ചയ്ക്ക് ഹൈബി ഈഡൻ എംഎൽഎയ്ക്ക് ഒപ്പമിരുന്നു ഓണസദ്യയുണ്ടു.

ജില്ലയിലെ പ്രധാന ദുരിതാശ്വാസ ക്യാമ്പുകളിലൊന്നായ മഹാരാജാസ് കോളജ് ഓഡിറ്റോറിയത്തിൽ ചെറിയൊരു പൂക്കളമൊരുക്കിയാണു പ്രളയക്കെടുതിയിലായവരുടെ മനസിലെ മുറിവുണക്കി ഓണ പരിപാടികൾ നടത്തിയത്. തിരുവോണ ദിവസം രാവിലെ മുതൽതന്നെ കുട്ടികൾക്കും മുതിർന്നവർക്കുമായി വിവിധ മത്സരങ്ങൾ നടത്തി. കസേര കളി മുതൽ വടംവലിമത്സരം ക്യാമ്പിൽ അരങ്ങേറി. ഉറിയടി, കുപ്പിയിൽ വെള്ളം നിറയ്ക്കൽ, സ്പൂൺ റെയ്സ്, മിഠായി പെറുക്കൽ എന്നിങ്ങനെ പരിപാടികൾ നീണ്ടു. ക്യാമ്പിലുള്ളവർക്കൊപ്പം സന്നദ്ധപ്രവർത്തകരും വോളണ്ടിയർമാരായ വിദ്യാർഥികളും ഒന്നിച്ചുചേർന്നപ്പോൾ എല്ലാവരും ദുഖങ്ങൾ മറഞ്ഞു. ചിരി യോഗയുമായി സുനിൽകുമാർ അവർക്കിടയിലേക്ക് എത്തിയപ്പോൾ മഹാരാജാസിലെ ക്യാമ്പിൽ പൊട്ടിച്ചിരികൾ മുഴങ്ങി.

ആദ്യമായിട്ടാണ് ഇങ്ങനെയൊരു ഓണമെന്നു മഹാരാജാസ് കോളജിലെ ക്യാമ്പിൽ താമസിക്കുന്ന ചരിയൻതുരുത്തിൽ നിന്നുള്ള കുഞ്ഞച്ചൻ പറഞ്ഞു. 'ഇവിടെ കുട്ടികളുടെ മത്സരവും കളിചിരിയും കാണുമ്പോൾ സന്തോഷമുണ്ട്. വീട്ടിലേക്കു മടങ്ങുന്ന കാര്യമോർക്കുമ്പോൾ സങ്കടമുണ്ട്. എന്നാലും തിരിച്ചുചെല്ലുമ്പോൾ കയറിക്കിടക്കാൻ വീടുണ്ട്. ഒന്നുകൂടി വൃത്തിയാക്കിയെടുക്കണം. കുറച്ചുനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവരെവച്ചു നോക്കുമ്പോൾ നമ്മൾ ഭാഗ്യവാൻമാരല്ലേ'-കുട്ടികളുടെ ജീരകമിഠായി പെറുക്കൽ മത്സരംകണ്ടുകൊണ്ടിരിക്കെ കുഞ്ഞച്ചൻ പറഞ്ഞു. കുഞ്ഞച്ചന്റെ അവസ്ഥയിലാണ് പലരും. എന്നാൽ പരാതി പറയാതെ നാളെയെക്കുറിച്ചുള്ള പ്രതീക്ഷയിലാണ് എല്ലാവരും.



തിരുവോണദിവസം മഹാരാജാസ് കോളജിലെ ദുരിതാശ്വാസ ക്യാമ്പിൽ കുട്ടികൾക്കായി നടത്തിയ മത്സരത്തിൽ നിന്ന്.